ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതലയുള്ള
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ശ്രീ. ജോമോൻ കെ ജോർജ്ജ്, ബി.ടെക്)

ഉത്തരവ് നം. ബി1-37941/2020/സി.ഇ   തീയതി.  21/06/2021

വിഷയം : ജീവനക്കാര്യം – ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ജൂനിയർ സൂപ്രണ്ട് ശ്രീ.സുധാകരൻ.സി.എസ് ന് റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. 17/05/2002 ലെ 31/പി.ആർ.സി-ബി 02/02/ഫിൻ നമ്പർ സർക്കുലർ
2. 10/02/2021 ലെ ജി.ഒ.(പി) 27/2021/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 05/10/2020 തീയതിയിലെ 37940/ ബി1/2020/സി.ഇ നമ്പർ ഉത്തരവ്
4. ഈ കാര്യാലയത്തിലെ 11/06/2021 തീയതിയിലെ ബി3-48516/2021/സി.ഇ നമ്പർ ഉത്തരവ്.

ജൂനിയർ സൂപ്രണ്ട് തസ്തികയിലെ 25% ജീവനക്കാർ 50200-105300 രൂപ ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡിലായിരിക്കുമെന്ന് രണ്ടാം പരാമർശത്തിലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 4 ജൂനിയർ സൂപ്രണ്ട് തസ്തികകൾ നിലവിലുള്ളതിനാൽ ഒരു ജീവനക്കാരന് റേഷ്യോ ഗ്രേഡിന് അർഹതയുണ്ട്.

അപ്രകാരം റേഷ്യോ ഗ്രേഡ് അനുഭവിച്ച് വന്നയാളും ജൂനിയർ സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയറുമായ ശ്രീമതി.ആഷ.എസ് ന് പരാമർശം (3) പ്രകാരം സീനിയർ സൂപ്രണ്ടായി ബൈട്രാൻസ്ഫർ നിയമനം ലഭിച്ചതിനെ തുടർന്ന് 19/10/2020 ന് ജോലിയിൽ പ്രവേശിച്ചതു നിമിത്തം ജൂനിയർ സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയറായ ശ്രീ. സുധാകരൻ.സി.എസ്-നാണ് ഹയർഗ്രേഡിന് അർഹതയുണ്ടാകുന്നത്. എന്നാൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ റേഷ്യോ ഗ്രേഡിന് അർഹതയുള്ളൂയെന്ന് പരാമർശം (1) ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ജൂനിയർ സൂപ്രണ്ട് തസ്തകിയിലെ ടിയാന്റെ പ്രൊബേഷൻ 14/05/2021 ന് രാവിലെ മുതൽ തൃപ്തികരമായി പൂർത്തീകരിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.സി.എസ്.സുധാകരന് 14/05/2021 മുതൽ മുൻകാല പ്രാബല്യത്തിൽ 50200-105300 രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

ഒപ്പ്,
ചീഫ് എഞ്ചിനീയർ (i/c)

സ്വീകർത്താവ്

ശ്രീ.സുധാകരൻ,സി.എസ്, ജൂനിയർ സൂപ്രണ്ട്
(ആഫീസ് മേധാവി മുഖേന)

പകർപ്പ് : എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ ഡിവിഷൻ
സ്റ്റോക്ക് ഫയലിലേയ്ക്ക്, വെബ് സൈറ്റിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

Itcell